# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1239

02.05.2017-ൽ മറുപടിക്ക്

## കുടിവെള്ള ദൗർലഭ്യം പരിഹരിയ്ക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | ഡോ. കെ. ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) അതിരൂക്ഷമായ കുടിവെള്ള ദൗർലഭ്യം പരിഹരിയ്ക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; | എ) അതിരൂക്ഷമായ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനും ജലലഭ്യത ഉറപ്പു വരുത്തുന്നതിനുമായി നിലവിലുള്ള പൊതുകിണറുകൾ, കുളങ്ങൾ എന്നിവ അറ്റകുറ്റപണികൾ നടത്തുകയും, തോടുകളുടെയും കുളങ്ങളുടെയും ആഴം കൂട്ടുകയും ചെയ്തിട്ടുണ്ട്. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ വാഹനങ്ങളിൽ വെള്ളം വിതരണം ചെയ്തു വരുന്നു. തൊഴിലുറപ്പ് പദ്ധതി മുഖേന വേനൽകാലത്ത് ജലലഭ്യത ഉറപ്പു വരുത്തുന്നതിന് തടയണകളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും, വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വരൾച്ച മൂലം കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങളുടെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ള തുക ചെലവഴിക്കുന്നതിനായി യഥേഷ്ടാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) ഇതിനായി സ്വീകരിച്ച മുൻകരുതലുകൾ ഫലപ്രാപ്തിയിലെത്തിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | ബി) ഉണ്ട്. കിണറുകളും കുളങ്ങളും നവീകരിച്ചതിനാൽ ഒരു പരിധിവരെ ജലലഭ്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. |

സി) ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനും ജലസമൃദ്ധി കേരളത്തിന്റെ തനതായ നിലയിലേയ്ക്ക് ഉയർത്തി കൊണ്ട് വരുന്നതിനുമായി എന്തെങ്കിലും പദ്ധതികൾ ഭാവിയിലേക്കായി തദ്ദേശസ്ഥാപനങ്ങളിലൂടെ ആവിഷ്കരിച്ചിട്ടുണ്ടോ;

ഡി) ഉണ്ടെങ്കിൽ ആവിഷ്കരിച്ച പദ്ധതികൾ വ്യക്തമാക്കുമോ?

സി) & ഡി) സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ നവീകരണത്തിനും, ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനുമായി ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപടികൾ സ്വീകരിച്ചു വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ കിണർ റീചാർജിംഗ് മഴവെള്ളക്കൊയ്ത്ത് തുടങ്ങിയ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ